മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഉവ്വ്. അതിന്റെ മോൺ കൊടുക്കുവാൻ orders ആയിട്ടുണ്ട്.

MANAPAT CHIRA—MALAYATTUR VILLAGE

127. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമോ,—

(എ) മലയാറ്റൂർ വില്ലേജിലെ മണപ്പാട്ട ചിറയുടെ പണി അവസാനിക്കുമ്പോൾ എത്ര അടി വീതിയും ഉയരവും ഉണ്ടാകും;

(ബി) ഇപ്പോൾ നടക്കുന്ന പണി ആരംഭിക്കുമ്പോൾ അതിന്റെ എത്ര അടി വീതിയും ഉയരവും ഉണ്ടായിരുന്നു;

(സി) കൃഷിക്കാരുടെ ആവശ്യപ്രകാരമാണോ ഈ പണി നടത്തുന്നത്;

(ഡി) ഇപ്പോഴത്തെ പണി ആരംഭിക്കുന്നതിനു മുമ്പ് എത്ര എത്ര നിലങ്ങളിലെ കൃഷിക്ക് ആവശ്യമായ വെള്ളം സംഭരിക്കുവാൻ സാധിച്ചിരുന്നു;

(ഇ) പുതുക്കുന്ന ചിറകൊണ്ട് എത്ര എത്ര നിലങ്ങൾക്ക് ആവശ്യമായ വെള്ളം സംഭരിക്കുവാൻ സാധിക്കുമെന്നുദ്ദേശിക്കുന്നു;

(എഫ്) ഇപ്പോൾ നടക്കുന്ന പണിക്ക് ആകെ എത്ര ഉറുപ്പിക ചിലവുവരും?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ:

(എ) ഇപ്പോൾ നടത്തുന്ന പണി അവസാനിച്ചാൽ ചിറക്ക് ഏകദേശം ൪൫ അടി ഉയരവും ചിറയുടെ മുകൾഭാഗത്തിന് ൧൦ അടി വീതിയും ഉണ്ടായിരിക്കും.

(ബി) ഏകദേശം ൩൬ അടി ഉയരവും മുകൾഭാഗത്തിന് ൧൦ അടി വീതിയും ഉണ്ടായിരുന്നു.

(സി) അതെ.

(ഡി) ഏകദേശം ൨൩൫ ഏക്ക് വിരിപ്പ് മാൽ, മണ്ടകൻ പുഞ്ച നിലങ്ങൾക്കുവേണ്ടതായ വെള്ളം.

(ഇ) പുതിയ പണി അവസാനിച്ചാൽ അതിലെ വെള്ളം ഉപയോഗിച്ച് ഏകദേശം ൨൫൭ ഏക്ക് നിലങ്ങളിൽ ഒരു പൂവ്വുംകൂടി എടുക്കുവാൻ സാധിക്കുമെന്ന് ഉദ്ദേശിച്ചിട്ടുണ്ട്.

(എഫ്) ൫൯,൦൦൦ ഉറുപ്പികയുടെ ഒരു എസ്റ്റിമേറ്റുപ്രകാരമുള്ള പണികളാണ്.

മിസ്റ്റർ എം. കെ. വർഗ്ഗീസ്: കൃഷിക്കാരുടെ ആവശ്യപ്രകാരമാണോ ഈ പണി നടത്തുന്നത്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അതെ.

മിസ്റ്റർ എം. കെ. വർഗ്ഗീസ്: ഇതിന്റെ പണി ഇടക്കു നിറുത്തുകയുണ്ടായോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഇല്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: എസ്റ്റിമേറിനേക്കാളും ടെണ്ടർ എക്സ്സ് എത്ര വരും?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: Actual ആയിട്ട് പറയുവാൻ നോട്ടിസ്സു വേണം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ടെണ്ടർ കഴിഞ്ഞുവോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ടെണ്ടർ കഴിഞ്ഞു.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ഇതിലും ആദായകരമായി നടത്താവുന്ന പദ്ധതി വേറെയുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: ഇങ്ങിനെ ജനറലായിട്ട് ചോദിച്ചാൽ പറയുവാൻ സാദ്ധ്യമല്ല.

ARTICLE IN THE "DEENABANDHU", DATED 31ST MAY 1946

128. Mr. P. K. Dewer *(Nominated):* Will Government be pleased to state.—

(*a*) if their attention has been drawn to the statement published in the "Deenabandhu", dated 31st May 1946 by Comrade P. Narayanan, Secretary, Cochin Barbers' Union, under the Caption "പോലീസ് മുതലാളിത്വക്കുട്ടുകെട്ട്";

LIBRARY ARCHIVES Kerala Legislative Assembly